തിരുവനന്തപുരം മൃഗശാല

221. [274] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൃഗശാല മറ്റെതെങ്കിലും സ്ഥലത്തേക്കു മാറുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാല മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തീരദേശ റയിൽവേ

222. [275] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ തീരദേശ റെയിൽവേയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും ;

(ബി) ഈ പണിക്ക് ഈ വർഷം കേന്ദ്ര ബഡ്ജറ്റിൽ എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ടെന്നറിയാമോ ;

(സി) കൂടുതൽ സംഖ്യ നീക്കിവയ്ക്കുന്നതിനുവേണ്ടി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) അടുത്ത രണ്ടു സാമ്പത്തിക വർഷങ്ങളിൽ വേണ്ടത്ര പണം അനുവദിക്കുകയാണെങ്കിൽ 1989-90-ൽ ഈ ലൈനിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് ദക്ഷിണ റെയിൽവേ അധികൃതർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

(ബി) ആലപ്പുഴ-എറണാകുളം ലൈനിനുവേണ്ടി 1986-87-ലെ കേന്ദ്ര ബഡ്ജറ്റിൽ 3 കോടി രൂപയും ആലപ്പുഴ-കായംകുളം ലൈനിനുവേണ്ടി ഒരുകോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) ഉണ്ട്.

വൈദ്യുതി ക്ഷാമ കാലത്തു വാങ്ങിയ വൈദ്യുതി

223. [276] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷത്തിൽ വൈദ്യുതിക്ഷാമം കാരണം മറ്റു സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി കൊടുക്കേണ്ടിവന്ന വില എത്ര ;

(സി) പുറത്തുനിന്നും ലഭിക്കുന്ന വൈദ്യുതി ഉപഭോക്താവിന് വിതരണം ചെയ്തതുകാരണം ബോർഡിനും നഷ്ടം സംഭവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly